**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2325</u>** **<u>12-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ നിലവിൽ ഒരു രക്തസംഭരണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെയും നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെയും മാർഗനിർദേശം അനുസരിച്ച പ്രതിവർഷം 2000 യൂണിറ്റ് രക്തം ആവശ്യമുള്ള ആശുപത്രിയിലാണ് രക്തബാങ്ക് ആരംഭിക്കുന്നത്. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ പ്രതിവർഷം 60 യൂണിറ്റ് രക്തമേ ആവശ്യമായി വരുന്നുള്ളൂ. ആയതിനാൽ നിലവിൽ ഈ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ആരംഭിക്കേണ്ട ആവശ്യമില്ല.** |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച നിവേദനത്തിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ